DEPARTMENT OF HEALTH SERVICES KERALA

NATIONAL HEALTH MISSION
ആരോഗ്യ കേരളം

# സർക്കുലർ

സർക്കുലർ നം. NHM/223/2025/SD-S2 തീയതി : 12.05.2026

വിഷയം : ആശമാരെ വാർഡുകളിൽ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. G.O (Rt) no. 483/2023/H&FWD തീയതി 02.03.2023

2. സർക്കുലർ നം. DHS/14493/2024-PH5 തീയതി 19.03.2026

ആശമാരുടെ തിരഞ്ഞെടുപ്പും, വിന്യാസവും, ചുമതലകളും അടക്കമുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 2026 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ്/ഡിവിഷൻ പുനർ നിർണയം നടപ്പിലായ സാഹചര്യത്തിൽ ആശമാരുടെ പുനർവിന്യാസം സംബന്ധിച്ച നിബന്ധനകൾ സൂചന 2 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പുനർവിന്യാസം നടപ്പിലാക്കുന്ന ഘട്ടത്തിൽ സൂചന (2) സർക്കുലറിലെ നിബന്ധനകൾ സംബന്ധിച്ച് ചില വ്യക്തതകൾ വരുത്തേണ്ടതുണ്ട് എന്ന് ഫീൽഡ് തലത്തിൽ നിന്നും ആവശ്യം ഉയർന്നിരുന്നു. ഈ പശ്ചാത്തലത്തിൽ സൂചന (2) സർക്കുലറിന് അനുബന്ധമായി താഴെ പറയുന്ന നിബന്ധനകൾ കൂടി പാലിക്കേണ്ടതാണ്.

1. ആശമാരെ പുനർവിന്യസിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ ആശമാരെയും ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർമാർ മീറ്റിംങ്ങ് നടത്തേണ്ടതാണ്. ഇതിൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പുതുക്കിയ വാർഡുകൾ ആശമാർക്ക് എപ്രകാരം അനുവദിക്കാമെന്ന് ചർച്ച ചെയ്ത് ഉചിതമായി തീരുമാനിക്കേണ്ടതാണ്. മീറ്റിംങ്ങിൽ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തേണ്ടതാണ്.

2. ഒരു വാർഡിലേക്ക് ഒരു ആശ എന്ന നിലയിൽ ആശമാരെ നിയോഗിക്കേണ്ടതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഒരു വാർഡിൽ 4000 ത്തിന് മുകളിൽ ജനസംഖ്യ ഉണ്ടെങ്കിൽ 2 ആശമാരെ നിയമിക്കാവുന്നതാണ്

3. നിലവിലെ വാർഡുകളുടെ എണ്ണത്തെക്കാൾ കൂടുതൽ ആശമാർ ഉണ്ടെങ്കിൽ പുതിയ ആശമാരെ തിരഞ്ഞെടുക്കാൻ പാടില്ല. എന്നാൽ അധികമായി ഉള്ള ആശമാരെ നിലനിർത്തേണ്ടതുമാണ്.

4. എതെങ്കിലും വാർഡ് / ഡിവിഷനിൽ ആവശ്യമായതിൽ കൂടുതൽ ആശമാർ നിലവിൽ ഉണ്ടെങ്കിൽ അവരെ സൂചന 2 ലെ സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി പുനർവിന്യസിക്കേണ്ടതാണ്.

5. പുനർവിന്യാസം നടത്തുന്ന സമയത്ത് ആശമാർ താമസിക്കുന്ന വീട് നിൽക്കുന്ന വാർഡിന് മുൻഗണന നൽകേണ്ടതാണ്. അല്ലാത്ത പക്ഷം വീടിന് സമീപത്തുള്ള വാർഡുകളും പരിഗണിക്കാവുന്നതാണ്

6. മുകളിൽ പറഞ്ഞ പ്രകാരം ആശമാരെ പുനർവിന്യസിക്കുമ്പോൾ ജനകീയാരോഗ്യ കേന്ദ്രം/ആരോഗ്യസ്ഥാപനങ്ങൾ മാറുന്നുണ്ടോ എന്ന് പരിഗണിക്കേണ്ടതില്ല

7. പുനർവിന്യാസത്തിനുശേഷം ഒഴിവ് വരുന്ന വാർഡ് / ഡിവിഷനിൽ പുതിയ ആശയെ സൂചന (1) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥനത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്.

8. ആശ പുനർവിന്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആശമാർക്ക് പരാതികൾ ഉണ്ടെങ്കിൽ സൂചന (1) പ്രകാരം രൂപീകൃതമായ പ്രദേശിക/ജില്ലാ/സംസ്ഥാനതല പ്രശ്നപരിഹാര കമ്മിറ്റികളെ പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്കനുസൃതമായി സമീപിക്കാവുന്നതാണ്.

**ഡയറക്ടർ , ആരോഗ്യ വകുപ്പ്** **സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം.**

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
എല്ലാ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും
എല്ലാ സ്ഥാപന മേധാവികളും

പകർപ്പ്

ജൂനിയർ കൺസൾട്ടന്റ്മാർ (എച്ച്.ഡബ്ല്യു.സി.) എല്ലാ ജില്ലകളും

ജില്ലാ ആശ കോഓർഡിനേറ്റർമാർ, എല്ലാ ജില്ലകളും